# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -3702 — 17.12.2015 ൽ മറുപടിയ്ക്ക്

## സ്വാമി ശാശ്വതികാനന്ദയുടെ മരണം സംബന്ധിച്ച പോലീസ് അന്വേഷണം

| ചോദ്യം<br>ശ്രീ.കെ.അജിത് | ഉത്തരം<br>ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
|---|---|
| (എ) സ്വാമി ശാശ്വതികാനന്ദയുടെ മരണം സംബന്ധിച്ച് പോലീസിലെ ഏതു വിഭാഗമാണ് അന്വേഷണം നടത്തിയിട്ടുള്ളതെന്നും ഇതിനായി പ്രത്യേക ടീമിനെ നിയോഗിച്ചിരുന്നോ എന്നും ആരുടെ നേതൃത്വത്തിൽ എത്ര അംഗ ടീമാണ് ഇതു സംബന്ധിച്ച അന്വേഷണം നടത്തിയിരുന്നതെന്നും വ്യക്തമാക്കുമോ; | (എ) സ്വാമി ശാശ്വതീകാനന്ദയുടെ മരണം സംബന്ധിച്ച് 01.07.2002 മുതൽ 19.11.2003 വരെ ആലുവ സർക്കിൾ ഇൻസ്പെക്ടറും 10.01.2004 മുതൽ 28.5.2004 വരെ എറണാകുളം റൂറൽ പോലീസ് സൂപ്രണ്ടും അന്വേഷണം നടത്തുകയും 28.3.2007-ലെ സർക്കാർ ഉത്തരവ് (സാധാ)നം. 866/ 2007/ ആഭ്യന്തരം പ്രകാരം ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറുകയും, എറണാകുളം HHW-II പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ നാലംഗ ടീം 27.4.2007 മുതൽ അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) ശാശ്വതികാനന്ദ സ്വാമിയുടെ മരണം സംബന്ധിച്ച് നടത്തിയ അന്വേഷണങ്ങളിലൂടെ എന്തെല്ലാം വസ്തുതകൾ കണ്ടെത്തിയിരുന്നുവെന്നും, ഈ കേസിന്റെ നടപടികൾ അവസാനിപ്പിച്ചിരുന്നോ എന്നും വ്യക്തമാക്കാമോ; | (ബി) സ്വാമി ശാശ്വതികാനന്ദ ആലുവ പുഴയിൽ കുളിക്കുന്നതിനിടെ യാദൃശ്ചികമായി മുങ്ങി മരിച്ചതായാണ് അന്വേഷണത്തിൽ വെളിവായിട്ടുള്ളത്. കേസന്വേഷണം 31.12.2013 തീയതിയിൽ ക്രൈംബ്രാഞ്ച് അവസാനിപ്പിച്ചിരുന്നു. |
| (സി) ശാശ്വതികാനന്ദ സ്വാമിയുടെ മരണം സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് ഏതു കോടതിയിലാണ് സമർപ്പിച്ചതെന്നും കോടതി ഇതു സംബന്ധിച്ച് അന്വേഷണം അവസാനിപ്പിച്ചതായി ഉത്തരവായിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | (സി) ശാശ്വതികാനന്ദ സ്വാമിയുടെ മരണം സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് ഫോർട്ട് കൊച്ചി സബ്ബ് ഡിവിഷൻ മജിസ്ട്രേട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. അന്വേഷണം അവസാനിപ്പിച്ചതായി ബഹു.കോടതിയുടെ ഉത്തരവ് ലഭിച്ചിട്ടില്ല. |
| (ഡി) ശാശ്വതികാനന്ദ സ്വാമിയുടെ മരണം സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഡി) ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷണം പൂർത്തിയാക്കി, ബഹു കോടതിക്ക് സമർപ്പിച്ച അന്തിമ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്